**കേരള സർക്കാർ**

(സംഗ്രഹം)

പൊതുവിദ്യാഭ്യാസം - വാർഷിക പദ്ധതി 2017-18 – "ഓട്ടിസം പാർക്ക് (Autism Park)" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (പി) വകുപ്പ്**

സ.ഉ.(സാ) നം. 1988/2017/പൊ.വി.വ തീയതി, തിരുവനന്തപുരം 22/06/2017

---

പരാമർശം:- 1. 12/04/2017-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പി.എൽ1/26458/17/ഡി.പി.ഐ നമ്പർ കത്ത്.

2. 26/04/2017-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം

**ഉത്തരവ്**

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ "ഓട്ടിസം പാർക്ക്" എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 700 ലക്ഷം രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ 14 സർക്കാർ സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2202-01-101-76 (പി) എന്ന ശീർഷകത്തിൽ (റവന്യൂ സെക്ഷൻ) വകയിരുത്തിയിട്ടുള്ള 280 ലക്ഷം രൂപയും, 4202-01-201-92 (പി) എന്ന ശീർഷകത്തിൽ (Capital section) അടിസ്ഥാന സൗകര്യ വികസനത്തിനായി മൂലധന ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള 420 ലക്ഷം രൂപയും ചേർത്ത് 700 ലക്ഷം രൂപ (എഴുന്നൂറ് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് സംസ്ഥാനത്തെ ചുവടെ പറയുന്ന നിയോജക മണ്ഡലങ്ങളിലെ (ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ വീതം) 14 സർക്കാർ സ്കൂളുകളിൽ (14 x 50 ലക്ഷം രൂപ) താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതിരേഖയിൽ അനുശാസിക്കും വിധം "ഓട്ടിസം പാർക്ക്" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഓട്ടിസം പാർക്ക് നിർമ്മിക്കുന്ന നിയമസഭാമണ്ഡലങ്ങൾ**

| | | | |
|---|---|---|---|
| 1 | കാഞ്ഞങ്ങാട് | 8 | പറവൂർ |
| 2 | തളിപ്പറമ്പ് | 9 | ഉടുമ്പൻചോല |
| 3 | കൽപ്പറ്റ | 10 | പുതുപ്പള്ളി |
| 4 | കോഴിക്കോട് സൗത്ത് | 11 | അമ്പലപ്പുഴ |
| 5 | താനൂർ | 12 | ആറൻമുള |
| 6 | തിരൂർ | 13 | കുണ്ടറ |
| 7 | ചേലക്കര | 14 | നെടുമങ്ങാട് |

**വ്യവസ്ഥകൾ**

i) ഓട്ടിസം പാർക്ക് സ്ഥാപിക്കുന്ന സ്കൂളിന്റെ മാസ്റ്റർ പ്ലാൻ സർക്കാർ എംപാനൽഡ് ഏജൻസിയെക്കൊണ്ട് തയ്യാറാക്കണം.

ii) ഓട്ടിസം പാർക്കിന്റെ വിശദമായ പ്ലാനിന്റെ മാതൃക (ബയോ-ഡൈവേഴ്സിറ്റി പാർക്കുമായി ചേർന്ന് നടത്താവുന്ന രീതിയിൽ) സർക്കാർ എംപാനൽഡ് ഏജൻസിയെക്കൊണ്ടോ, ടെണ്ടർ/ഇ-ടെണ്ടർ വ്യവസ്ഥകൾക്ക് വിധേയമായോ ചെയ്യേണ്ടതാണ്.

iii) ഓട്ടിസം പാർക്കിന്റെ നിർമ്മാണം മേൽപ്പറഞ്ഞ മാതൃകയിൽ തയ്യാറാക്കിയ പ്ലാനിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകേണ്ടതാണ്.

iv) സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ചട്ടങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

v) ഓട്ടിസം പാർക്കിന്റെ ഈ വർഷത്തെ പ്രവർത്തനത്തിനായി പുതിയ തസ്തിക സൃഷ്ടിക്കലും, വാഹനം വാങ്ങുന്നതും അനുവദനീയമല്ല.

vi) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും ചെലവ് അധികരിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

vii) പ്രസ്തുത പദ്ധതിയുടെ പുരോഗതിക്കനുസരിച്ച് ഫണ്ട് അനുവദിക്കേണ്ടതും അധികമുള്ള തുക ബാങ്ക് അക്കൗണ്ടിൽ പാർക്ക് ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

viii) പദ്ധതി നിർവഹണം നടപ്പ സാമ്പത്തിക വർഷം (2017-18) തന്നെ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ഓട്ടിസം പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ നടപ്പിലാക്കേണ്ടതും, നിർമ്മാണ പുരോഗതി യഥാസമയം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഉഷ ടൈറ്റസ്**
**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ